# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1881 — 15.07.2016-ൽ മറുപടിക്ക്

## കാട്ടുതീ പ്രതിരോധിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|
| എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര ഹെക്ടർ വനഭൂമിയാണ് കത്തി നശിക്കുന്നതായി കണക്കാക്കിയിട്ടുള്ളത്, വിശദമാക്കാമോ; | (എ) | 2013 മുതലുള്ള നാല് വർഷത്തെ കണക്കെടുത്താൽ ഒരു വർഷം ശരാശരി 1690.7 ഹെക്ടർ സ്ഥലത്ത് കാട്ടുതീ ഉണ്ടാകുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) ഓരോ വർഷവും ഇതിന്റെ കണക്ക് എത്രവീതമാണെന്ന് വിശകലനം ചെയ്യാറുണ്ടോ; | (ബി) | ഉണ്ട്.<br>2013 : 1740.53 ഹെക്ടർ<br>2014 : 1637.54 ഹെക്ടർ<br>2015 : 1415.51 ഹെക്ടർ<br>2016 : 1969.08 ഹെക്ടർ |
| സി) വനഭൂമി കത്തിനശിച്ചതുമൂലം എത്ര രൂപയുടെ നഷ്ടമാണ് കഴിഞ്ഞവർഷം കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞവർഷം (2015) 35,420/- രൂപയുടെ നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| ഡി) കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിക്കുന്ന തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ഡി) | ഇല്ല. |

. . . .2)

| | | | |
|---|---|---|---|
| ഇ) | കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ഇ) | എല്ലാ ഡിവിഷനുകളിലെയും അംഗീകൃത ഫയർ മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ ചിട്ടയായി നടത്തി വരുന്നുണ്ട്. ഇതിൽ ഫയർലൈൻ നിർമ്മാണം, ഫയർ വാച്ചർമാരെ നിയമിക്കൽ, കൺട്രോൾ ബേണിംഗ് എന്നീ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്തുവരുന്നുണ്ട്. ആദിവാസി സമൂഹത്തിൽപ്പെട്ടവരെയും വനാശ്രിത സമൂഹത്തിൽപ്പെട്ടവരെയും ഫയർ വാച്ചർമാരായി നിയമിക്കാൻ പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്. കൂടാതെ പൊതുജന പങ്കാളിത്തത്തോടെയുള്ള അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

10/